പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1860

25/03/2013 ൽ
മറുപടിക്ക്

## സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ ഡൈനമിക് ആക്കി മാറ്റാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കെ.എസ്.എഫ്.ഡി.സി. യുടെ കീഴിലുള്ള തിരുവനന്തപുരം കൈരളി/ ശ്രീ തീയേറ്ററും കലാഭവൻ തീയേറ്ററും ആധുനിക ശബ്ദസംവിധാനങ്ങളും പ്രൊജക്ഷൻ സംവിധാനങ്ങളും ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ കൈരളി/ശ്രീ തീയേറ്റർ നവീകരിച്ച് കൈരളി/ശ്രീ/നിള എന്നിങ്ങനെ മൂന്ന് തീയേറ്ററുകൾ ആക്കിയിട്ടുണ്ട്. കോഴിക്കോട് കൈരളി/ശ്രീ തീയേറ്റർ സമുച്ചയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഉടനേ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴയിൽ ഇത്തരത്തിലുള്ള ആധുനിക തീയേറ്റർ സമുച്ചയം പണിയുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് തീയേറ്റർ സമുച്ചയം പണിയുന്നതിലേക്കായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) കോർപ്പറേഷന്റെ കീഴിലെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ പ്രവർത്തനം കാലാനുസൃതമായി നവീകരിക്കുന്നതിനായി പരിഗണനയിലുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) ചിത്രാഞ്ജലി തീയേറ്ററിലെ ലാബ് തീയേറ്റർ നവീകരിച്ച് അത്യാധുനിക സൗകര്യങ്ങളോടുകൂടി 60 ലക്ഷം രൂപ ചെലവിൽ ദൃശ്യ എന്ന പേരിൽ തീയേറ്റർ സജ്ജമാക്കിയിട്ടുണ്ട്. നിരവധി മലയാളം സിനിമകളുടെ സെൻസറിംഗ് പ്രവർത്തനങ്ങൾ ഇവിടെ നടന്നു വരുന്നു. അതുപോലെ ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിന്റെ ഭാഗമായുള്ള ജോലികൾ പുരോഗമിക്കുന്നു. സ്റ്റുഡിയോയിലെ നിലവിലെ ഷൂട്ടിംഗ് ഫ്ളോറിനൊപ്പം മറ്റൊരു ഷൂട്ടിംഗ് ഫ്ളോറും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) സാങ്കേതിക യോഗ്യതയോ നവീന ടെക്നോളജി ഉൾക്കൊള്ളാനുള്ള കഴിവോ ഇല്ലാത്ത, ജീവനക്കാർക്ക് പകരം അനുയോജ്യരായവരെ നിയമിക്കാനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | കോർപ്പറേഷനിൽ നിലവിലുള്ള ജീവനക്കാരെ യോഗ്യതയുടെയും കഴിവിന്റെയും അടിസ്ഥാനത്തിൽ അനുയോജ്യമായ തസ്തികകളിൽ നിയമിച്ച് അവരുടെ സേവനം കോർപ്പറേഷൻ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി വരുന്നു. അനുദിനം മാറ്റം സംഭവിച്ചു കൊണ്ടിരിക്കുന്ന സിനിമാ സാങ്കേതിക വിദ്യയ്ക്ക് അനുസൃതമായി നിയമനങ്ങൾക്കുള്ള യോഗ്യതാമാനദണ്ഡങ്ങൾ സർക്കാരിന്റെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റേയും അനുമതിയോടെ കാലാനുസൃതമായി ഭേദഗതി ചെയ്യുവാൻ വേണ്ട നടപടികൾ കോർപ്പറേഷൻ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ